പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2266

06.10.2016-ൽ
മറുപടിക്ക്

## റവന്യൂ രേഖയിൽ നിലം എന്ന രേഖപ്പെടുത്തിയവർക്കുള്ള ബുദ്ധിമുട്ട്

ചോദ്യം

ഉത്തരം

ശ്രീ.റ്റി.വി.രാജേഷ് :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റവന്യൂ രേഖയിൽ നിലം എന്ന രേഖപ്പെടുത്തിയതിനാൽ വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ട വയലിൽ വീട് വെക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും പഴകിയ വീട് പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനും അനുമതി ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | റവന്യൂ രേഖകളിൽ നിലം എന്ന രേഖപ്പെടുത്തിയതും എന്നാൽ വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ടതുമായ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ 1967 കേരള ഭൂവിനിയോഗ ഉത്തരവിലും, ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങളിലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അത്തരം സ്ഥലങ്ങളിൽ നിയമാനുസൃതം അനുമതി വാങ്ങുന്ന കേസുകളിൽ വീട് വയ്ക്കുന്നതിന് തടസ്സമില്ല. |

സെക്ഷൻ ഓഫീസർ